**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 93** **03-02-2026 - ൽ മറുപടിയ്ക്ക്**

**തൊഴിലുറപ്പ് നിയമ ഭേദഗതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) |

(എ) കേന്ദ്ര സർക്കാർ തൊഴിലുറപ്പ് പദ്ധതിക്ക് നിശ്ചയിച്ച സൂചികയിൽ ഏതെല്ലാം കാര്യങ്ങളിലാണ് സംസ്ഥാനം മുൻപിലെന്ന് അറിയിക്കുമോ;

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യം 100 ദിവസത്തെ തൊഴിൽ നൽകുക എന്നതാണ്. തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളിൽ ഏറ്റവും കൂടുതൽ കുടുംബങ്ങൾക്ക് തൊഴിൽ നൽകാൻ കഴിഞ്ഞതിൽ സംസ്ഥാനം രാജ്യത്ത് രണ്ടാം സ്ഥാനത്താണ്.

സംസ്ഥാനം മുൻപിലുള്ള മറ്റു സൂചികകൾ ചുവടെ ചേർക്കുന്നു.

| മാനദണ്ഡം | ദേശീയതലത്തിലെ സ്ഥാനം | |
|---|---|---|
| | 2025-26 | 2024-25 |
| ജോലി ലഭിച്ച ആകെ കുടുംബങ്ങളിൽ 100 ദിവസം പൂർത്തിയാക്കിയവരുടെ ശതമാനം | 1 | 2 |
| ജോലി ലഭിച്ച പട്ടികവർഗ്ഗ (ST) കുടുംബങ്ങളിൽ 100 ദിവസം പൂർത്തിയാക്കിയവരുടെ ശതമാനം | 1 | 2 |
| ജോലി ലഭിച്ച പട്ടികജാതി (SC) കുടുംബങ്ങളിൽ 100 ദിവസം പൂർത്തിയാക്കിയവരുടെ ശതമാനം | 1 | 1 |
| ശരാശരി പട്ടികജാതി (SC) തൊഴിൽ ദിനങ്ങൾ | 2 | 1 |
| ശരാശരി പട്ടികവർഗ്ഗ (ST) തൊഴിൽ ദിനങ്ങൾ | 2 | 2 |
| ശരാശരി തൊഴിൽ ദിനങ്ങൾ | 4 | 5 |
| 100 ദിവസം ജോലി നൽകിയ കുടുംബങ്ങളുടെ എണ്ണം | 5 | 2 |

(ബി) സംസ്ഥാനത്തെ സംബന്ധിച്ച് പരിഷ്കരിക്കപ്പെട്ട തൊഴിലുറപ്പ് നിയമത്തിൽ

(ബി) നിലവിൽ അവിദഗ്ധ വേതനത്തിന്റെയും പദ്ധതിയുടെ ഭരണച്ചെലവിന്റെയും 100% കേന്ദ്രമാണ് വഹിക്കുന്നത്. പദ്ധതിയുടെ ഭാഗമായ ആസ്തി നിർമ്മാണത്തിന് ആവശ്യമായ

| | | | |
|---|---|---|---|
| | എന്തെല്ലാം പ്രതികൂല വ്യവസ്ഥകളാണ് ഉൾപ്പെടുന്നതെന്ന് അറിയിക്കുമോ; | | മെറ്റീരിയൽ, വിദഗ്ധ വേതനം, അർദ്ധവിദഗ്ധ വേതനം എന്നീ ഇനത്തിൽ 75% കേന്ദ്രവും 25% സംസ്ഥാനവും വഹിക്കുന്നു. എന്നാൽ പുതിയ നിയമപ്രകാരം, പദ്ധതിയുടെ ആകെ ചെലവ് കേന്ദ്രവും സംസ്ഥാനവും 60:40 എന്ന അനുപാതത്തിൽ വിഹിതം പങ്കിടണമെന്ന് നിഷ്കർഷിക്കുന്നു. അതായത്, അവിദഗ്ധ വേതനം, വിദഗ്ധ/അർദ്ധവിദഗ്ധ വേതനം, മെറ്റീരിയൽ ചിലവ്, ഭരണപരമായ ചിലവുകൾ എന്നിവയുൾപ്പെടെയുള്ള ആകെ ചെലവിന്റെ 40% സംസ്ഥാനം വഹിക്കേണ്ട സാഹചര്യം വരും. കൂടാതെ കേന്ദ്രം ആദ്യഘട്ടത്തിൽ നിശ്ചയിക്കുന്ന തൊഴിൽ ദിനങ്ങൾക്ക് ഉപരിയായി സംസ്ഥാനം സൃഷ്ടിക്കുന്ന തൊഴിൽ ദിനങ്ങളുടെ പൂർണ്ണ സാമ്പത്തിക ബാധ്യതയും സംസ്ഥാനത്തിനാണ്.<br><br>ഇപ്രകാരം ഉണ്ടാകുന്ന സാമ്പത്തിക ബാധ്യതകൾക്ക് പുറമേ പുതിയ നിയമത്തിലെ സെക്ഷൻ 4 (4) പ്രകാരം ഗ്രാമപഞ്ചായത്തുകളെ A,B,C എന്നിങ്ങനെ ക്ലാസിഫൈ ചെയ്യും എന്നും 5 (1) പ്രകാരം സംസ്ഥാനങ്ങളിൽ കേന്ദ്രസർക്കാർ നോട്ടിഫൈ ചെയ്യുന്ന ഗ്രാമീണ മേഖലകളിൽ മാത്രമാകും ഉയർത്തിയെന്നവകാശപ്പെടുന്ന 125 ദിവസത്തെ തൊഴിലുറപ്പ് ഉണ്ടാകുക എന്നും വ്യവസ്ഥ ചെയ്യുന്നു.<br>പുതിയ നിയമത്തിന്റെ വ്യവസ്ഥകൾ പ്രകാരം കൃത്യസമയത്ത് തൊഴിൽ നൽകിയില്ല എങ്കിൽ നൽകേണ്ട തൊഴിലില്ലായ്മ വേതനം, കൃത്യ സമയത്ത് കൂലി നൽകിയില്ല എങ്കിൽ നൽകേണ്ട കോമ്പൻസേഷൻ എന്നിവ നൽകാനുള്ള ബാധ്യതയും സംസ്ഥാനങ്ങൾക്കാണ്. |
| (സി) | പുതിയ വ്യവസ്ഥകൾ പ്രകാരം പ്രതിവർഷം അധിക കടബാധ്യത കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന തൊഴിൽ ദിനങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ യഥാർത്ഥ സാമ്പത്തിക ബാധ്യത കണക്കാക്കാൻ കഴിയുകയുള്ളൂ. നിലവിൽ ഒരു വർഷം സംസ്ഥാനത്ത് 10 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാറുണ്ട്. എന്നാൽ ഈ വർഷം ആദ്യ ഘട്ടത്തിൽ 5 കോടി തൊഴിൽ ദിനങ്ങൾ മാത്രമാണ് കേന്ദ്രം അനുവദിച്ചത്. പുതിയ നിയമത്തിൽ കേന്ദ്രം നിശ്ചയിക്കുന്ന തൊഴിൽ ദിനങ്ങൾക്ക് (normative allocation) ഉപരിയായി സൃഷ്ടിക്കുന്ന തൊഴിൽ ദിനങ്ങളുടെ പൂർണ്ണമായുള്ള സാമ്പത്തിക ബാധ്യത സംസ്ഥാനങ്ങൾക്കാണ്. കൂടാതെ പദ്ധതി ചെലവിന്റെ അനുപാതം പുതിയ നിയമത്തിൽ 60:40 എന്നാക്കി മാറ്റിയതും കൂടി കണക്കാക്കുമ്പോൾ 10 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് നിലവിലെ നിരക്കിൽ സംസ്ഥാനത്തിന് 2806 കോടി രൂപ വരെ അധിക ബാധ്യത ഉണ്ടാകുന്നതാണ്. തൊഴിൽ ദിനങ്ങൾ 125 ആയി ഉയർത്തിയെന്നവകാശപ്പെടുന്ന സാഹചര്യത്തിൽ അതനുസരിച്ച് 12 കോടി തൊഴിൽ ദിനങ്ങൾ നൽകേണ്ടി വരികയാണെങ്കിൽ (5 കോടിക്ക് മുകളിൽ വരുന്നതിന്റെ 100% ബാധ്യത ഉൾപ്പെടെ) 3544 കോടി രൂപയുടെയും അധിക ബാധ്യത സംസ്ഥാനത്തിനുണ്ടാകും. |
| (ഡി) | മുൻകാലങ്ങളിൽ സംസ്ഥാനത്തിനുള്ള ലേബർ ബജറ്റിൽ കേന്ദ്ര സർക്കാർ കുറവ് വരുത്തിയത് മറികടക്കുന്നതിന് എന്തെല്ലാം | (ഡി) | കഴിഞ്ഞ 5 വർഷത്തെ സ്ഥിതി പരിശോധിക്കുമ്പോൾ ആദ്യഘട്ടത്തിൽ 7.5 കോടി, 6 കോടി, 6 കോടി, 6 കോടി, 5 കോടി തൊഴിൽ ദിനങ്ങൾ ആണ് കേന്ദ്രസർക്കാർ 2020-21, 2021-22, |

| | | | |
|---|---|---|---|
| | നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ? | | 2022-23, 2023-24, 2024-25 വർഷങ്ങളിൽ യഥാക്രമം അനുവദിച്ചത്. സംസ്ഥാനം, കേന്ദ്രസർക്കാരുമായി ഇടപെട്ട് നിരന്തരമായ ഇടപെടലുകൾ നടത്തി വന്നതിന്റെ ഫലമായി പിന്നീട് ലേബർ ബജറ്റ് പുതുക്കി ലഭിച്ചു. ഈ വർഷം ആദ്യഘട്ടം അനുവദിച്ച 5 കോടി തൊഴിൽ ദിനങ്ങൾ എന്നത് നിരന്തരമായ ഇടപെടലുകൾക്ക് ശേഷം 9 കോടി തൊഴിൽ ദിനങ്ങളായി പുതുക്കി ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ